പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – * 295 16.12. 2015- ലെ മറുപടി

**വിമാന യാത്രക്കൂലി വർദ്ധനവ്**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ**<br>**ശ്രീ.റ്റി.എ.അഹമ്മദ് കബീർ**<br>**ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി**<br>**ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)* |

| | | |
| --- | --- | --- |
| (എ) ഉത്സവ സീസണിൽ വിമാന കമ്പനികൾ യാത്രക്കൂലിയിൽ വൻവർദ്ധന വരുത്തി ഗൾഫ് യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്ന രീതി അവസാനിപ്പിക്കുവാൻ വേണ്ട ഇടപെടൽ നടത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) യും (ബി) യും (സി) യും | കേരളത്തിൽ നിന്നും ഗൾഫ് നാടുകളിലേയ്ക്കുള്ള യാത്ര ചാർജ്ജ് വിമാന കമ്പനികൾ ഉത്സവ സീസണിൽ വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേക്കും തിരിച്ചും വർഷം മുഴുവൻ വിവിധ നിലയിലെ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. തിരക്ക് കുറഞ്ഞ സമയത്ത് യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവും, വിദേശ എയർലൈനുകളുടെ കടുത്ത മത്സരവും കാരണം കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. തിരക്കുള്ള സമയത്ത് നേരത്തേ ബുക്ക് ചെയ്യുന്നവർക്ക് കുറഞ്ഞ നിരക്കിലും അവസാന നിമിഷം ബുക്ക് ചെയ്യുന്നവർക്ക് IATA/DGCA അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന നിരക്കിലും ടിക്കറ്റ് വാങ്ങേണ്ടി വരും. ലോകത്തെ എല്ലാ എയർലൈനുകളും ടിക്കറ്റ് നിരക്ക് ഈടാക്കുന്നത് ഈ രീതിയിലാണ്. ഗൾഫ് മേഖലയിലേയ്ക്ക് സർവ്വീസ് നടത്തുന്ന മറ്റ് എയർലൈനുകളുമായി താരതമ്യം ചെയ്യുമ്പോൾ എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസ്സും തിരക്കുള്ള സമയത്തും കുറഞ്ഞ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. എയർഇന്ത്യ എക്സ്പ്രസ്സ് തിരക്കുള്ള സമയത്ത് മറ്റ് എയർലൈൻസിനേക്കാൾ 10-20% വരെ കുറഞ്ഞ നിരക്കിന്റെ ടിക്കറ്റാണ് ഈടാക്കുന്നത് എന്ന് സംസ്ഥാന സർക്കാരിനെ കേന്ദ്ര വ്യോമയാന വകുപ്പ് അറിയിച്ചിട്ടുണ്ട്. തിരക്കുള്ള സമയത്ത് യാത്രക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് |
| (ബി)ഗൾഫിലെ ചില മേഖലകളിൽ നിന്ന് ചില പ്രത്യേക എയർലൈനുകൾ മാത്രമേ സർവ്വീസ് നടത്തുന്നുള്ളൂ എന്നത് പ്രസ്തുത യാത്രാക്കൂലിവർദ്ധനവിന് കാരണമാകുന്നതിനാൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ ശ്രമങ്ങൾ നടത്താനാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | | |
| (സി)പ്രസ്തുത യാത്രാക്കൂലിവർദ്ധന പരിഹരിക്കുന്നതിന് അടിയന്തര ശ്രമം നടത്തുമോ ? | | |

| | | |
|---|---|---|
| | | എയർലൈനുകൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. കൂടാതെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രിക്ക് 10.12.2015 ൽ സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിൽ വ്യോമയാന കമ്പനികൾ അനിയന്ത്രിതമായി വിമാന നിരക്ക് വർദ്ധിപ്പിക്കുന്നത് തടയുന്നതിനും ഷെഡ്യൂളുകൾ വെട്ടികുറയ്ക്കുന്നത് ഒഴിവാക്കുന്നതിനും കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളിലേക്ക് ഗൾഫ് നാടുകളിൽ നിന്നും കൂടുതൽ ഷെഡ്യൂളുകൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. |

Sheejak

സെക്ഷൻ ഓഫീസർ